പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2105 | 07.03.2017 ൽ മറുപടിനൽകേണ്ടിയിരുന്നത്

**രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ പ്രസവ സൗകര്യം**

| | ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ പോസ്റ്റുകളിൽ ഒന്ന് ജൂനിയർ കൺസൾട്ടന്റ് (ഒ ആന്റ് ജി) ആയി മാറ്റി പ്രസവ സൗകര്യം തുടങ്ങുന്നതിനായുള്ള സൗകര്യം ഒരുക്കണമെന്നാവശ്യപ്പെട്ടുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നെടുങ്ങോലം ആശുപത്രിയിൽ നിലവിലുള്ള അസിസ്റ്റന്റ് സർജൻ തസ്തികകളിൽ ഒന്ന് ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) ആയി മാറ്റുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഗൈനക്കോളജി വിഭാഗം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടും ഗൈനക്കോളജി ഡോക്ടറെ നിയമിക്കാത്തതുമൂലം പ്രസ്തുത സൗകര്യങ്ങൾ ബാധ്യതയാകുന്ന അവസ്ഥ ഒഴിവാക്കാൻ അടിയന്തിരമായി ഒരു ഗൈനക്കോളജി ഡോക്ടറെ നിയമിക്കുമോ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിലെ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഡോ.രാഖി എസ്.ആനന്ദിന്റെ സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ